<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 167** 13.06.2019 - ൽ മറുപടിക്ക്.

<u>റേഷൻ വാങ്ങാത്ത കാർഡ് ഉടമകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ജി.എസ്.ജയലാൽ**<br>**ശ്രീമതി ഗീതാ ഗോപി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) അർഹതപ്പെട്ട ആളുകൾ അനുവദിക്കപ്പെട്ട റേഷൻ വിഹിതം വാങ്ങാൻ തയ്യാറാകാത്തതിനാൽ മുൻഗണനാ ലിസ്റ്റിന് പുറത്തുനിൽക്കുന്ന അർഹതപ്പെട്ടവർക്ക് ധാന്യം നിഷേധിക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 3 മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ്തല പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. റേഷൻ വാങ്ങാത്തവരെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അർഹതയനുസരിച്ച് മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആധാർ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് സംവിധാനം ഭക്ഷ്യവിതരണത്തിൽ വരുത്തിയ മാറ്റങ്ങൾ ഈ മേഖലയിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ഏതളവു വരെ സഹായകമായെന്ന് അറിയിക്കുമോ; | (ബി) ഇ-പോസ് അധിഷ്ഠിത റേഷൻ വിതരണം നടപ്പിൽ വരുത്തിയ ശേഷം യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. 97% കാർഡുടമകളും ആധാർ ആതന്റിക്കേഷൻ /OTP മുഖേനയാണ് റേഷൻ കൈപ്പറ്റുന്നത്. സ്റ്റോക്കിന്റെ ലഭ്യത, ഗുണഭോക്തൃവിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി അറിയാൻ സാധിക്കും. |
| (സി) ഏത് റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാമെന്ന പരിഷ്കാരം, റേഷൻ വാങ്ങുന്ന ആളുകളുടെ എണ്ണത്തിലും അളവിലും വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) പോർട്ടബിലിറ്റി സംവിധാനം കൂടി ഇ-പോസ് സംവിധാനത്തോടൊപ്പം നിലവിൽ വന്നതിനാൽ സംസ്ഥാനത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. ഇത് കാർഡുടമകൾക്ക് വലിയ സഹായകരമായി. 16.3% കാർഡുടമകൾ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. റേഷൻ വാങ്ങുന്ന ആളുകളുടെ എണ്ണത്തിലും അളവിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പതിനഞ്ച് ശതമാനം റേഷൻ കാർഡ് ഉടമകൾ റേഷൻ വാങ്ങുന്നില്ലെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ആയത് എന്തുകൊണ്ടാണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്ത് 15% ലധികം പേർ റേഷൻ വാങ്ങുന്നില്ല. പൊതുവിഭാഗത്തിൽപ്പെടുന്ന റേഷൻ വാങ്ങാത്തവരുടെ വിഹിതം ഉപയോഗിച്ച് ഓരോ മാസവും റേഷൻ വിഹിതം വർദ്ധിപ്പിക്കാൻ സാധിക്കുന്നുണ്ട്. മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽപ്പെടുന്ന തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി ഫീൽഡ് തല പരിശോധന നടത്തി വരികയാണ്. ഇവർക്ക് നോട്ടീസ് നൽകി മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**